# കേരള സർവകലാശാല

നം.പി.ആർ.106/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 23, 24, 25, 26 തീയതികളിൽ അതതു പരീക്ഷാകേന്ദ്രങ്ങളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂണിൽ നടന്ന ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്, ബി.സി.എ കോഴ്സിന്റെ പ്രാക്ടിക്കൽ ജൂൺ 30 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാതീയതി

2020 ഏപ്രിൽ 4 മുൽ നടത്താനിരുന്നതും മാറ്റിവെച്ചതുമായ ബി.എ ബിരുദ (ആന്വൽ സ്കീം) പാർട്ട് – സബ്സിഡിയറി വിഷയങ്ങളുടെ പരീക്ഷകൾ ജൂൺ 22 മുതൽ പുനഃരാരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (2015 സ്കീം – റെഗുലർ/സപ്ലിമെന്ററി) ഓൺലൈൻ പരീക്ഷകൾ ജൂൺ 23, 24 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പ്രോജക്ട്/വൈവ വോസി

2020 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ കമ്മ്യൂണിക്കേറ്റീവ് അറബിക് പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയം, വൈവ വോസി എന്നിവ ജൂൺ 29 ന് നാഷണൽ കോളേജ്, അമ്പലത്തറയിൽ വെച്ചും ആറാം സെമസ്റ്റർ ബി.പി.എ (വോക്കൽ) പരീക്ഷയുടെ മാർച്ച് 21 മുതൽ ഏപ്രിൽ 8 വരെ നടത്താനിരുന്ന മാറ്റിവെച്ച പ്രാക്ടിക്കൽ, പ്രോജക്ട് മൂല്യനിർണയം, വൈവ വോസി എന്നിവ യഥാക്രമം ജൂൺ 29 മുതൽ ജൂലൈ 15 വരെ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ചും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂണിൽ ആരംഭിച്ച ആറാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസിപിറ്റാലിറ്റി മാനേജ്മെന്റ് ഡിഗ്രി പരീക്ഷയുടെ പ്രോജക്ട്/വൈവ പരീക്ഷ ജൂൺ 30 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സി.എസ്സ്.എസ്സ് നാലാം സെമസ്റ്റർ പരീക്ഷാഫീസ് – തീയതി നീട്ടി

കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലെ പഠന ഗവേഷണ വകുപ്പുകളിൽ (സി.എസ്സ്.എസ്സ്) 2020 ജൂലൈ 1 ന് ആരംഭിക്കുന്ന പി.ജി 4–ാം സെമസ്റ്റർ പരീക്ഷയുടെ ഫീസ് പിഴ കൂടാതെ ഓൺലൈനായി ജൂൺ 20 വരെയും പിഴയോടെ ജൂൺ 25 വരെയും അടയ്ക്കാവുന്നതാണ്.

## ടൈംടേബിൾ

2020 ജൂലൈയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.സി.റ്റി/ബി.എച്ച്.എം) 2018 സ്കീം – റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, 2014 സ്കീം – 2012 & 2013 അഡ്മിഷൻ സപ്ലിമെന്ററി, 2006 സ്കീം – മേഴ്സിചാൻസ്) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ഡിസംബറിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ (വിദൂര വിദ്യാഭ്യാസം – 2017 അഡ്മിഷൻ)പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മൗലാന ആസാദ് നാഷണൽ ഫെല്ലോഷിപ്പ്

2019 – 20 വർഷത്തേക്കുള്ള മൗലാന ആസാദ് നാഷണൽ ഫെല്ലോഷിപ്പിനു വേണ്ടി യു.ജി.സി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നു. 2019 ജൂൺ/ഡിസംബറിൽ നടത്തിയ യു.ജി.സി നെറ്റ്/സി.എസ്.ഐ.ആർ നെറ്റ് പരീക്ഷയിൽ അസിസ്റ്റന്റ് പ്രൊഫസർ ആകാൻ യോഗ്യത നേടിയ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. 2019 ജൂണിൽ യോഗ്യത നേടിയവരിൽ നിന്നും ഫെല്ലോഷിപ്പിന് തെരഞ്ഞെടുക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ www.ugcnetonline.in എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള നിർദിഷ്ട മാതൃകയിലുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് ജൂൺ 30 നകം സമർപ്പിക്കേണ്ടതാണ്. 2019 ഡിസംബറിൽ യോഗ്യത നേടിയവരിൽ നിന്നും യു.ജി.സി നേരിട്ട് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്. ആയതിനാൽ അവർ അപേക്ഷ സമർപ്പിക്കേണ്ടതില്ല. വിശദവിവരങ്ങൾക്ക് www.ugc.ac.in/ugc-notices.aspx എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## <u>കമ്മ്യൂണിക്കേറ്റീവ് അറബിക് – അപേക്ഷ ക്ഷണിക്കുന്നു</u>

അറബിക് പഠനവകുപ്പ് ജൂലൈയിൽ ആരംഭിക്കുന്ന ആറുമാസ കമ്മ്യൂണിക്കേറ്റീവ് അറബിക് (സർട്ടിഫിക്കറ്റ് കോഴ്സ് – ഓൺലൈൻ പഠനം) അപേക്ഷ ക്ഷണിച്ചു. പാർട്ട് ടൈം കോഴ്സാണ് നടക്കുന്നത്. അപേക്ഷാ ഫോമും വിശദവിവരങ്ങളും കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പിലും അറബിക് വിഭാഗത്തിന്റെ വെബ്സൈറ്റിലും (www.arabicku.in) ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30. ഫോൺ: 9562722485, 04712 308846

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
16.06.2020

e-mail: ku.release@gmail.com

website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098